# വേണ്ടത് പുതിയ ദിശാബോധം

**ആഗോളവൽക്കരണത്തിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഈ കാലഘട്ടത്തിൽ ധനകാര്യസ്ഥാപനങ്ങളെ സ്വകാര്യമൂലധനത്തിന്റെ വരുതിയിലാക്കണം എന്ന വാദം ശക്തി പ്രാപിച്ചുവരുന്നു. 1969ൽ ദേശസാൽക്കരിക്കപ്പെട്ട നമ്മുടെ ബാങ്കിങ്ങ് മേഖല അതോടെ വീണ്ടും സ്വകാര്യവൽക്കരിക്കപ്പെടുകയാണ്. ബാങ്ക് സ്വകാര്യവൽക്കരണത്തിലെ കാണാച്ചരടുകൾ എന്തൊക്കെയാണ്? ബാങ്കിങ്ങ് രംഗത്തെ നവീകരണം യഥാർത്ഥത്തിൽ ഊന്നം വയ്ക്കേണ്ടത് എന്തെല്ലാമാണ്? സമ്പദ്മേഖലയിലെ ഗൗരവമേറിയ ചർച്ചയ്ക്ക് വഴിയൊരുക്കാൻ സഹായിക്കുന്ന ഒരു കുറിപ്പ്. പ്രതികരണങ്ങൾ ക്ഷണിക്കുന്നു.**

ബാങ്കുകൾ രാജ്യത്തെ സാമ്പത്തിക മേഖലയുടെ രക്തധമനികളാണ്. അതുകൊണ്ടുതന്നെ ബാങ്കുകളുടെ ആരോഗ്യം നിലനിർത്തേണ്ടത് രാഷ്ട്രത്തിന്റെ ആവശ്യമാണ്.

ബാങ്കിങ്ങ് രംഗത്തെ നവീകരണം ലക്ഷ്യമാക്കേണ്ടത് പൊതുമേഖലയ്ക്കുണ്ടെന്നു പറയപ്പെടുന്ന സാമൂഹ്യപ്രതിബദ്ധതയും സ്വകാര്യമേഖലയ്ക്കുണ്ടെന്ന് അവകാശപ്പെടുന്ന ഊർജ്ജസ്വലതയും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു സംവിധാനത്തേയാണ്. ഇതു സാധ്യമാണ്. വിവര സാങ്കേതികവിദ്യാരംഗത്തെ പുത്തൻ മുന്നേറ്റങ്ങൾ ഇത്തരമൊരു സാധ്യതയിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത്. ഏതായാലും അത്തരമൊരു നവീകരണമാണ് രാഷ്ട്രത്തിന്റെ ഇന്നത്തെ ആവശ്യം. ബാങ്ക ദേശസാൽക്കരണത്തിന്റെ ചക്രം പിറകോട്ടു തിരിച്ച് പഴയപോലെ സ്വകാര്യകുത്തകകളെ ഏൽപ്പിക്കുന്നതോ, പൊതുമേഖലാ ബാങ്കുകളെ ഇന്നത്തെ ആലസ്യത്തിൽ തുടരാനനുവദിക്കുന്നതോ രണ്ടും അഭികാമ്യമല്ല. പുതിയ സംവിധാനത്തിൽ താഴെ കൊടുക്കുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടിയിരിക്കുന്നു.

1. ബാങ്കുകൾ വെറും കണക്കുവെപ്പു സ്ഥാപനങ്ങൾ എന്ന നിലയിൽ നിന്നു മാറി വായ്പ വാങ്ങിക്കുന്ന ചെറുകിടക്കാർക്ക് ധനസംബന്ധവും മാർക്കറ്റ് സംബന്ധവും ആയ ഉപദേശങ്ങൾ നൽകുന്ന ഒരു കൺസൾട്ടൻസി സ്ഥാപനമാകണം.

2. താന്താങ്ങൾ പ്രവർത്തിക്കുന്ന പ്രദേശത്തെ പ്രാദേശിക ഗവൺമെന്റുകളായി ചേർന്ന് അവിടുത്തെ വ്യവസായസാധ്യതകൾ വിലയിരുത്തുകയും പുതിയ സംരഭങ്ങൾക്കാവശ്യമായ പ്രൊജക്റ്റ് റിപ്പോർട്ടുകളും മറ്റും തയ്യാറാക്കുകയും വേണം.

3. എല്ലാ ബാങ്കുകളും തമ്മിൽത്തമ്മിൽ അവരുടെ ഇടപാടുകാരെ കുറിച്ചുള്ള വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടണം. കിട്ടാക്കടത്തിന്റെ കുരുക്കിൽ നിന്നു രക്ഷപ്പെടാൻ ഇതാവശ്യമാണ്.

4. ഓരോ ബിസിനസ് മേഖലയെ കുറിച്ചും ആ മേഖലയിൽ പ്രവർത്തിക്കുന്ന തങ്ങളുടെ ഇടപാടുകാരെ കുറിച്ചും വിശദമായ ഗവേഷണം നടത്തുകയും അത്തരം ഗവേഷണവിവരങ്ങൾ പൊതു സമൂഹവുമായി പങ്കുവയ്ക്കുകയും ചെയ്യണം. പ്രാദേശികതല ആസൂത്രണത്തിന് ഇത് ഗുണകരമാകും.

5. ഇത്തരം പുതിയ ജോലികൾ ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ ബാങ്കുകളിലെ ഇന്നത്തെ തൊഴിൽസേനയെ പുനഃപരിശീലിപ്പിക്കുകയും അവരെ ഇന്നത്തെ മടുപ്പിക്കുന്ന കണക്കെടുപ്പു ജോലികളിൽ നിന്നും പെട്ടന്നു തന്നെ മോചിപ്പിക്കുകയും വേണം. കണക്കെടുപ്പു ജോലികൾ കമ്പ്യൂട്ടർ ഉപയോഗിച്ച് കൂടുതൽ ഫലപ്രദമായി ചെയ്യാൻ കഴിയുന്ന വിധം പ്ലാൻ ചെയ്യണം.

6. ബാങ്കുകൾ തമ്മിലും പ്രാദേശിക ഭരണസ്ഥാപനങ്ങളുമായും വിപുലമായ തോതിൽ വിവരവിനിമയം നടത്താൻ കഴിയുന്ന വിധം ഡാറ്റാ നെറ്റ്‌വർക്കിങ്ങ് നടപ്പിലാക്കണം.

7. ബാങ്കുകൾ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച അറിവുകൾ, ആശയങ്ങൾ നിരന്തരം ഉൽപ്പാദിപ്പിക്കുന്ന നിരന്തര പഠനകേന്ദ്രങ്ങൾ ആകണം. ബാങ്കു ജീവനക്കാരുടെ ജോലി കൂടുതൽ സർഗാത്മകമാകണം.

8. ഗ്രാമങ്ങളിലെ യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ സംരഭങ്ങളായി നടത്താനുതകുന്ന പുതിയ മേഖലകളെ കുറിച്ചുള്ള അറിവ് നൽകാൻ ബാങ്കുകൾക്കാകണം.

9. ഇത്തരം സ്വയം തൊഴിൽ മേഖലകളെ മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി അവയ്ക്കു പ്രത്യേകം ലക്ഷ്യങ്ങൾ നിർണയിക്കാവുന്നതാണ്. അതുവഴി ഈ സ്വയം തൊഴിൽ സംരഭങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട വായ്പാ സൗകര്യം ലഭ്യമാകുകയും അതോടൊപ്പം ബാങ്കുകളുടെ C/D റേഷ്യോ മെച്ചപ്പെടുകയും ചെയ്യും.

(ശാസ്ത്രഗതി, ചിന്ത എന്നീ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിലെ ഒരു ഭാഗമാണ് ഈ കുറിപ്പ്.)

**അശോകൻ ഞാറയ്ക്കൽ**